# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 25.08.2026** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. **ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് യാത്രയിൽ വഴിത്തിരിവായി മാറിയ യുപിഐ പണമിടപാടുകൾ ക്ക് ഇന്ന് പത്ത് വർഷം; അനുഭവങ്ങൾ പങ്കുവെക്കാൻ ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി.**
   UPI, a turning point in India's digital payment journey, completes 10 years today; PM Narendra Modi calls for sharing experiences.

2. **ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ചൈനീസ് വൈസ് പ്രസിഡന്റ് ഹാൻ ഷെങ്ങുമായി ബെയ്ജിങ്ങിൽ കൂടിക്കാഴ്ച നടത്തി.**
   National Security Advisor Ajit Doval meets Chinese Vice President Han Zheng in Beijing.

3. **കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ കാനഡ - അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കമാകും; ടൊറന്റോയിൽ കാനഡ ധനമന്ത്രിയുമായി ചർച്ച നടത്തും.**
   Union Finance Minister Nirmala Sitharaman's Canada-US visit begins today; Talks with the Canadian Finance Minister scheduled in Toronto.

4. **ഇന്ന് ഒന്നാം ഓണം; ഉത്രാടപാച്ചിലിൽ മലയാളികൾ; തിരുവോണത്തെ വരവേൽക്കാനൊരുങ്ങി നാടും നഗരവും.**

Today marks First Onam; Malayalis in Uttaradapachil; Preparations in full swing in the state to welcome Thiruvonam.

5. **കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്; 11 ജില്ലകളിൽ മഞ്ഞ ജാഗ്രത; കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**

   Heavy rain warning in Kerala; Yellow Alert in 11 districts as fishing is banned along the Kerala-Karnataka-Lakshadweep coasts.

6. **ശ്രീലങ്കയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യ ശക്തമായ നിലയിൽ; മൂന്നാം ദിനം ബാറ്റിങ് ആരംഭിച്ച ലങ്കയ്ക്ക് 2 വിക്കറ്റുകൾ കൂടി നഷ്ടമായി.**

   India maintain strong position in the second cricket Test against Sri Lanka; hosts lose two more wickets after resuming batting on Day Three.

**********************************************************

# PM- UPI-TEN YEARS

ഡിജിറ്റൽ പേയ്മെന്റ് രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കമിട്ട ഏകീകൃത പണമിടപാട് സംവിധാനമായ UPI-യ്ക്ക് പത്ത് വർഷം. UPI-യുടെ ഒരു പതിറ്റാണ്ടുകാലത്തെ വിജയകരമായ സേവനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെന്റ് യാത്രയിലെ സുപ്രധാന വഴിത്തിരിവാണ് UPI-യെന്ന് വിശേഷിപ്പിച്ച അദ്ദേഹം, UPI ഉപയോഗിച്ചുള്ള അനുഭവങ്ങൾ പങ്കുവെക്കാൻ രാജ്യത്തെ ജനങ്ങളോട് ആഹ്വാനം ചെയ്തു. 2016 ഓഗസ്റ്റ് 25-ന് ആരംഭിച്ച UPI ഇടപാടുകളുടെ എണ്ണത്തിൽ ഏകദേശം 13,000 മടങ്ങ് വളർച്ച കൈവരിച്ചതായും, നിലവിൽ 11 രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ആഗോള ഡിജിറ്റൽ പേയ്മെന്റ്

പ്ലാറ്റ്ഫോമായി ഇത് മാറിയതായും കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചു.
********************************

# INDIA-CHINA TALKS (INTRO)

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ ചൈനയിൽ. ഇന്ത്യ-ചൈന അതിർത്തി പ്രശ്നത്തിലെ പ്രത്യേക പ്രതിനിധികളായ അജിത് ഡോവലും ചൈനീസ് വിദേശകാര്യ മന്ത്രി വാങ്യിയും തമ്മിൽ ഇന്ന് ബെയ്ജിങ്ങിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ അതിർത്തിത്തർക്കം ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ചയാകും. ഇതിന് മുന്നോടിയായി അജിത് ഡോവൽ ഇന്ന് ചൈനീസ് വൈസ് പ്രസിഡന്റ് ഹാൻ ഷെങ്ങുമായി കൂടിക്കാഴ്ച നടത്തി.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*3,500 കിലോമീറ്ററോളം ദൈർഘ്യമുള്ള ഇന്ത്യ-ചൈന അതിർത്തിയിലെ തർക്കങ്ങൾ പരിഹരിക്കുക, സൈനികസാന്നിധ്യം ലഘൂകരിക്കുക തുടങ്ങിയവയാണ് ചർച്ചയുടെ അജൻഡ. തർക്കങ്ങൾ പരിഹിരിക്കുന്നതിനായി നിലവിലുള്ള സംവിധാനത്തിന്റെ 25-മത് പ്രതിനിധിതല യോഗമാണ് ബെയ്ജിങ്ങിൽ നടക്കുന്നത്. അതിർത്തി പ്രദേശങ്ങളിൽ "സമാധാനവും ശാന്തതയും" നിലനിർത്തേണ്ടത് ചൈനയുമായി നല്ല ബന്ധം തുടരാൻ ആവശ്യമാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ നേരത്തെ വ്യക്തമാക്കിയിരുന്നു. ഉഭയകക്ഷി താൽപ്പര്യമുള്ള വിഷയങ്ങളിൽ ആശയവിനിമയത്തിനുള്ള ഒരു പ്രധാന വേദി കൂടിയായി ഇത് മാറും. അടുത്തമാസം ഡൽഹിയിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കാനായി ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ് ഇന്ത്യ സന്ദർശിക്കുമെന്ന സൂചനകൾക്കിടയിലാണ് അജിത്ത് ഡോവലിന്റെ ചൈനാ സന്ദർശനം.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

********************************

## SITHARAMAN - US CANADA VISIT

കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമന്റെ കാനഡ - അമേരിക്ക സന്ദർശനത്തിന് ഇന്ന് തുടക്കമാകും. ഉഭയകക്ഷി സാമ്പത്തിക-ധനകാര്യ പങ്കാളിത്തം, നിക്ഷേപം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചാകും സന്ദർശനമെന്ന് ധനമന്ത്രാലയം അറിയിച്ചു. ടൊറന്റോയിൽ കാനഡ ധനമന്ത്രി ഫ്രാൻസ്വാ ഫിലിപ്പ് ഷാംപെയ്നുമായി ശ്രീമതി നിർമ്മല സീതാരാമൻ ചർച്ച നടത്തും. ഊർജം, അപൂർവ്വധാതു, സാങ്കേതിക, ഗവേഷണ മേഖലകളിൽ സഹകരണത്തിനുള്ള സാധ്യതകൾ ചർച്ചയാകും. തുടർന്ന് ധനമന്ത്രി യുഎസ് സന്ദർശിക്കും. ചിക്കാഗോ, ആഷെവില്ലെ, ന്യൂയോർക്ക് എന്നിവിടങ്ങളിലെ വിവിധ പരിപാടികളിൽ അവർ പങ്കെടുക്കും.

********************************

## PIYUSH GOYAL-TOKYO

രാജ്യത്ത് ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കമ്പനികൾ ഉന്നയിച്ച ആശങ്കകൾ പരിഹരിക്കുന്നതിനായി, അടുത്ത രണ്ട് മാസത്തിനുള്ളിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുമെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഇന്ത്യ-ജപ്പാൻ പുതിയ തലമുറ സാമ്പത്തിക പങ്കാളിത്തവുമായി ബന്ധപ്പെട്ട് ടോക്കിയോയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പരമ്പരാഗത വ്യാപാര ബന്ധങ്ങൾക്കപ്പുറം സാമ്പത്തിക സുരക്ഷ, പ്രതിരോധം, സാങ്കേതികവിദ്യ, നൂതനാശയങ്ങൾ, തുടങ്ങി തന്ത്രപ്രധാന മേഖലകളിലേക്ക് ഇന്ത്യ-ജപ്പാൻ പങ്കാളിത്തം വിപുലീകരിച്ചതായി അദ്ദേഹം വ്യക്തമാക്കി. ഇരുരാജ്യങ്ങളും തമ്മിലെ ബിസിനസ്-ടു-ബിസിനസ് പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തണമെന്നാവശ്യപ്പെട്ട ശ്രീ ഗോയൽ ഇന്ത്യയിലെ സുഗമമായ വ്യാപാര അന്തരീക്ഷവും അതിവേഗം വളരുന്ന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ തുറന്നുനൽകുന്ന മികച്ച അവസരങ്ങളും എടുത്തുപറഞ്ഞു.

********************************

## KIREN RIJIJU

പ്രതിപക്ഷ പാർട്ടികൾ പാർലമെന്റ് ആവർത്തിച്ച് തടസ്സപ്പെടുത്തുന്നതിനെ വിമർശിച്ച് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. ചോദ്യം ചെയ്യാനും പ്രതിഷേധിക്കാനും വോട്ടുചെയ്യാനുമുള്ള അവകാശം ഭരണഘടന നൽകുന്നുണ്ടെങ്കിലും പാർലമെന്റ് തടസ്സപ്പെടുത്താൻ അനുമതി നൽകുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. പാർലമെന്റ് രാഷ്ട്രീയ പാർട്ടികളുടേതല്ല, ഇന്ത്യയിലെ ജനങ്ങളുടേതാണെന്നും ഇന്ന് ഒരു ഇംഗ്ലീഷ് ദിനപത്രത്തിൽ എഴുതിയ ലേഖനത്തിൽ ശ്രീ. റിജിജു വ്യക്തമാക്കി. പ്രധാന നിയമനിർമ്മാണങ്ങളിലുൾപ്പെടെ ക്രിയാത്മക ചർച്ചകൾക്കുള്ള സർക്കാർ നിർദേശങ്ങൾ പ്രതിപക്ഷം നിരസിച്ചുവെന്നും അദ്ദേഹം ആരോപിച്ചു.

********************************

## KERALA GOVT 100 DAYS

മുഖ്യമന്ത്രി വിഡി സതീശന്റെ നേതൃത്ത്വത്തിലുള്ള സർക്കാർ അധികാരമേറ്റിട്ട് ഉത്രാട ദിനമായ ഇന്ന് നൂറുദിനം പൂർത്തിയാകുന്നു. മേയ് 18നായിരുന്നു സത്യപ്രതിജ്ഞ. ഭരണമേറ്റ് ആദ്യ നാളുകളിൽ വാഗ്ദാനങ്ങൾ പാലിച്ചെന്ന പ്രതീതി സൃഷ്ടിക്കാൻ ആയെന്നാണ് സർക്കാർ കരുതുന്നത്. വനിതകൾക്ക് കെഎസ്ആർടിസിയിൽ സൗജന്യ യാത്ര അനുവദിച്ചതും ആശാവർക്കർമാർക്ക് ഓണറേറിയം വർധിപ്പിച്ചതും വയോജന വകുപ്പ് രൂപവത്കരിച്ചതും പ്രധാന നേട്ടങ്ങളായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടുന്നു. പി എം ശ്രീ, വഖഫ് നിയമ ഭേദഗതി, സർവ്വകലാശാലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവയിൽ സർക്കാരിനെ പ്രതിരോധത്തിലാക്കാനായെന്നാണ് പ്രതിപക്ഷത്തിന്റെ അവകാശവാദം.

********************************

## ONAM

മലയാളികൾക്ക് ഗൃഹാതുരതയുടെ ഓർമ്മകൾ സമ്മാനിക്കാൻ ഒരു ഓണക്കാലം കൂടി.

*(ഓണം മ്യൂസിക്)*

ഉത്രാട ദിവസമായ ഇന്ന് തിരുവോണ നാളിലെ ഒരുക്കങ്ങൾക്കുള്ള അവസാനവട്ട തയ്യാറെടുപ്പിലാണ് നാടും നഗരവും. ഓണാഘോഷത്തിന്റെ അവസാന വട്ട ഒരുക്കത്തിനായി ഉത്രാട ദിവസം വിപണിയിലുണ്ടാകുന്ന തിരക്കിനെ ഉത്രാടപ്പാച്ചിൽ എന്ന് വിശേഷിപ്പിക്കുന്നു. തിരുവോണത്തിന് സദ്യക്കായി സാധനങ്ങൾ വാങ്ങാൻ മലയാളികളുടെ തിക്കും തിരക്കുമാണ് ഉത്രാട ദിവസത്തെ പ്രത്യേകത. ഓണസദ്യയും ഓണക്കോടിയും ഊഞ്ഞാലാട്ടവും ഒപ്പം പ്രിയപ്പെട്ടവരുമായുള്ള ഒത്തുകൂടലും എല്ലാം ഓണക്കാല ഓർമ്മകൾക്ക് നിറം പകരുന്നു. ടൂറിസം വകുപ്പിന്റെ സംസ്ഥാനതല ഓണം വാരാഘോഷം തിരുവനന്തപുരത്ത് കനകക്കുന്ന് ഉൾപ്പടെയുള്ള വേദികളിൽ പുരോഗമിക്കുകയാണ്. പ്രധാന വേദിയായ നിശാഗന്ധിയിൽ ഇന്ന് തോൽപ്പാവക്കൂത്ത്, പൂരക്കളി, വേലകളി, ഗാനമേള തുടങ്ങിയവ അരങ്ങേറും. ഈ മാസം 30 ന് ഓണം വാരാഘോഷത്തിന്റെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പങ്കെടുക്കും.

*(ഓണം മ്യൂസിക്)*

**********************************

# GURUVAYOOR-ONAM

തിരുവോണത്തെ വരവേൽക്കാൻ ഒരുങ്ങി ഗുരുവായൂർ ക്ഷേത്രം. ഉത്രാടദിനമായ ഇന്ന് പുലർച്ചെ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ശ്രീഗുരുവായൂരപ്പന് ഭക്തർ കാഴ്ചക്കുലകൾ സമർപ്പിച്ചു. രാവിലെ ഏഴ് മണിയോടെ ക്ഷേത്രത്തിലെ സ്വർണക്കൊടിമരത്തിന് സമീപം തയാറാക്കിയ നാക്കിലയിൽ മേൽശാന്തി ബ്രഹ്മശ്രീ തെക്കുംപറമ്പത്ത് നാരായണൻ നമ്പൂതിരി ആദ്യ നേന്ത്രക്കുല സമർപ്പിച്ചതോടെയാണ് ചടങ്ങുകൾക്ക് തുടക്കമായത്.
**********************************

## KOZHIKODE ONAM (INTRO)

ഉത്രാട ദിവസമായ ഇന്ന് കോഴിക്കോട് നഗരത്തിലെ ഓണ വിപണിയും സജീവമായി. വഴിയോരകച്ചവടത്തിന് നേരിയ മഴ മങ്ങലേൽപ്പിച്ചിട്ടുണ്ടെങ്കിലും വൈകിട്ടോടെ കച്ചവടം സജീവമാകുമെന്ന് പ്രതീക്ഷയിലാണ് വ്യാപാരികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയിസ്)

********************************

## RAIN KERALA

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പാലക്കാട് ഒഴികെയുള്ള 11 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. താഴ്ന്ന പ്രദേശങ്ങളിലും നദീതീരങ്ങളിലും വെള്ളപ്പൊക്കത്തിന് സാധ്യതയുണ്ട്. കണ്ണൂരിൽ കനത്ത മഴ തുടരുകയാണ്. കൊട്ടിയൂർ പാൽ ചുരം റോഡിൽ മണ്ണിടിഞ്ഞ് ഗതാഗതം തടസ്സപ്പെട്ടു. ഇനിയും മണ്ണിടിച്ചിലുണ്ടാവാൻ സാധ്യതയുള്ളതാൽ ജാഗ്രത പാലിക്കാൻ ജില്ലാ കലക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ശക്തമായ കാറ്റ് വീശുന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണം. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

********************************

## IND-SL CRICKET TEST

ശ്രീലങ്കയ്ക്കെതിരായ രണ്ടാം ടെസ്റ്റിന്റെ മൂന്നാം ദിനം ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ ശ്രീലങ്ക ഒന്നാം ഇന്നിംങ്സിൽ നാലു വിക്കറ്റ് നഷ്ടത്തിൽ 130 റണ്ണെന്ന നിലയിൽ. നേരത്തെ ധ്രുവ് ജുറെലിന്റെയും ദേവ്ദത്ത് പടിക്കലിന്റെയും സെഞ്ചുറി കരുത്തിൽ,

ഇന്ത്യ ഒന്നാം ഇന്നിംഗ്സ് 9 വിക്കറ്റിന് 503 റൺസെന്ന കൂറ്റൻ സ്കോറിൽ ഡിക്ലെയർ ചെയ്തു.
*********************************

## NABIDINAM

പ്രവാചകൻ മുഹമ്മദ് നബിയുടെ സ്മരണയിൽ ഇസ്ലാം മതവിശ്വാസികൾ ഇന്ന് നബിദിനം ആഘോഷിക്കുന്നു. വിപുലമായ പരിപാടികളാണ് സംസ്ഥാനവ്യാപകമായി നടക്കുന്നത്. പുലർച്ചെ നാല് മുതൽ മഹല്ലുകളും മദ്രസകളും കേന്ദ്രീകരിച്ച് പ്രവാചക പ്രകീർത്തന മൗലീദ് പാരായണം തുടങ്ങി. നബിദിന ഘോഷയാത്രകളും കുട്ടികളുടെ കലാപരിപാടികളും അന്നദാനവും സംഘടിപ്പിക്കും. നബിദിന സന്ദേശറാലിയിൽ മത–സാമുദായിക–രാഷ്ട്രീയ രംഗത്തെ പ്രമുഖർ പങ്കെടുക്കും.

*

****************

************************************************